## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ(സാധാ)നം.**3172**/2014/തസ്വഭവ. തിരുവനന്തപുരം, തീയതി, **02.12.2014**

---

പരാമർശം:-1. 16.11.2013 ലെ സ.ഉ(എം.എസ്) നമ്പർ 362/13/തസ്വഭവ.

2. 13.08.2014 -ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ -ഓർഡിനേഷൻ കമ്മിറ്റിയുടെ ഇനം നമ്പർ 2.7 തീരുമാനം.

**ഉത്തരവ്**

പരാമർശം (2) ലെ സി.സി തീരുമാന പ്രകാരം പരാമർശം (1) ഉത്തരവിൽ താഴെ പറയും പ്രകാരമുള്ള ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) പരാമർശം (1) ഉത്തരവ് പ്രകാരം കർഷക സംഘങ്ങൾക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങി നൽകൽ, ക്ഷീര കർഷക സംഘങ്ങൾക്ക് കാലിത്തീറ്റ വിതരണം, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകൽ എന്നിവ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണെങ്കിലും ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് സംയുക്ത പ്രോജക്ടായി വിഹിതം നൽകാവുന്നതാണ്.

2) കുടിവെള്ള പദ്ധതി, വൈദ്യുതി ലൈൻ നീട്ടൽ എന്നിവ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ സമ്മതത്തോടുകൂടി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം.

3) എസ്.സി.പി, റ്റി.എസ്.പി, വനിത ഘടക പദ്ധതി, വൃദ്ധർ ഭിന്നശേഷിയുള്ളവർ, ശിശുക്കൾ എന്നിവർക്കായുള്ളപദ്ധതി എന്നീ മേഖലകളിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാമെങ്കിലും ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് നൽകുന്നതായിരിക്കണം.

4) ഐ.എ.വൈ വിഹിതം നിർബന്ധമായും മാറ്റിവച്ചതിനു ശേഷം മാത്രമേ മുകളിൽ പറഞ്ഞ ഏതൊരു പദ്ധതിയും ഏറ്റെടുക്കാൻ പാടുള്ളൂ.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**സി.വൽസല**

ഗവ.ജോയിന്റ് സെക്രട്ടറി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
4. എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
5. എക്സിക്യൂട്ടീവ് ഡയറക്ടർ , ഐ.കെ.എം
6. ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി